## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5332** **15.11.2019 ൽമറുപടിയ്ക്ക്**

**ഇരുചക്രവാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇരുചക്രവാഹനങ്ങളിൽ യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർ ഹെൽമറ്റ് ധരിക്കാതെ ഹെൽമറ്റ് വാഹനങ്ങളിൽ തന്നെ തൂക്കിയിട്ട് യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച വിധമുള്ള പ്രവണതകൾ ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | പ്രീലേണേഴ്സ് ക്ലാസ്സുകളിൽ ഇത് സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ശക്തമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഹെൽമറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നയാളിൽ നിന്നും മോട്ടോർ വാഹന നിയമം 194 (D) അനുസരിച്ച് 500 രൂപ പിഴയും ഈടാക്കി വരുന്നു. |
| (സി) | ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) യും (ഡി) യും | 2019 ലെ കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമത്തിൽ ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് (പിൻസീറ്റിൽ ഇരിക്കുന്നവർക്കു ഉൾപ്പെടെ) ഹെൽമറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചാൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കു. |
| (ഡി) | മുഴുവൻ ഇരുചക്രവാഹന യാത്രക്കാരും ഹെൽമറ്റ് നിർബന്ധമായും ധരിച്ചു എന്ന് ഉറപ്പാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ